പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.75

9/8/2017-ൽ മറുപടിയ്ക്ക്

# നോക്കുകൂലി സമ്പ്രദായം നിർമ്മാർജ്ജനം ചെയ്യാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ . സി.എഫ്.തോമസ്<br>" മോൻസ് ജോസഫ്<br>ഡോ. എൻ ജയരാജ്: | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ചുമട്ടുതൊഴിലാളി നിയമം ലംഘിച്ച് നോക്കുകൂലി സമ്പ്രദായം ശക്തിപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുജനങ്ങളിൽ നിന്നും അമിത കൂലി ആവശ്യപ്പെടുന്നു എന്ന പരാതികൾ ലഭിക്കാറുണ്ട്. ഇപ്രകാരം പരാതി ലഭിക്കുന്ന കേസുകളിൽ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ ഇടപെടുകയും പ്രശ്നപരിഹാരം കാണുകയും ചെയ്യുന്നുണ്ട്. |
| (ബി) ഇപ്രകാരമുള്ള നിയമലംഘനം കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെടുന്നത് ഏതു ജില്ലയിലാണ്; | (ബി) ആലപ്പുഴ ജില്ലയിൽ നിന്നാണ് കൂടുതൽ പരാതികൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത് . |

| | | | |
|---|---|---|---|
| (സി) | പൊതുജനത്തെ കഷ്ടപ്പെടുത്തുന്ന നോക്കു കൂലി സമ്പ്രദായം നിർമ്മാർജ്ജനം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | സ്വീകരിക്കുന്നുണ്ട്. ചുമട്ടു തൊഴിൽ മേഖലയിലെ നോക്കുകൂലി നിർമ്മാർജനം ചെയ്യുന്നതിന്റെ ഭാഗമായി ഓരോ വിഭാഗത്തിനുമുള്ള ഏകീകരിച്ച കയറ്റിറക്ക് കൂലി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചുമട്ടുതൊഴിലാളികളുടെ സേവനം ആവശ്യമുള്ളവർക്ക് ഈ കൂലിനിരക്ക് പ്രകാരം ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിൽ നിന്ന് തൊഴിലാളികളുടെ സേവനം ആവശ്യപ്പെടാവുന്നതാണ്. നോക്കുകൂലി, അമിതകൂലി എന്നിവ ആവശ്യപ്പെട്ടാൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസറെ ടെലിഫോണിൽ വിളിച്ച് വിവരം ബോധിപ്പിക്കുകയോ, കോൾ സെന്റർ മുഖേന പരാതി രേഖപ്പെടുത്തുകയോ ചെയ്യാവുന്നതാണ്. പരാതി ലഭിച്ച കേസ്സുകളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ